# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 764 28.09.2011 ൽ മറുപടിക്ക്

**ചടയമംഗലം നിയോജകമണ്ഡലത്തിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കർമ്മ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ, ജലവിതരണ സംവിധാനം നിലവിലില്ലാത്തതും കുടിവെള്ള ക്ഷാമം അനുഭവിക്കുന്നതുമായ പ്രദേശങ്ങളെ കുളത്തൂപ്പുഴ ജലവിതരണ പദ്ധതിയിലും മീനാട് ജലവിതരണ പദ്ധതിയിലും ഉൾപ്പെടുത്തി ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിയ്ക്കു രൂപം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ? | ചടയമംഗലം നിയോജകമണ്ഡലത്തിൽ ചിതറ, കടയ്ക്കൽ, കുമ്മിൾ, നിലമേൽ, ഇട്ടിവ, അലയമൺ, വെളിനല്ലൂർ, ചടയമംഗലം, ഇളമാട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ചിതറ കുടിവെള്ള പദ്ധതിയിൽ നിന്നും ഇട്ടിവ, വെളിനല്ലൂർ, ഇളമാട് എന്നീ പഞ്ചായത്തുകൾ ഒഴികെയുള്ള പഞ്ചായത്തുകൾക്ക് ജലവിതരണം നടത്തുന്നുണ്ട്. വെളിനല്ലൂർ പഞ്ചായത്തിലേക്ക് ആവശ്യമായ കുടിവെള്ള പദ്ധതി നിലവിലുണ്ട്. ഇളമാട് പഞ്ചായത്തിലേക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ പ്രസ്തുത പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1400 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ച കുളത്തൂപ്പുഴ ശുദ്ധജല വിതരണ പദ്ധതിയിൽ ഈ നിയോജക മണ്ഡലത്തിൽപ്പെട്ട ഇട്ടിവാ അലയമൺ പഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ കിണറും പ്ലാൻറും പമ്പിംഗ് മെയിനും ഭാരതിപുരം ടാങ്കും അതിലേക്കുള്ള ഗ്രാവിററി മെയിനുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ മിക്ക ഭാഗങ്ങളുടെയും പണി ഏകദേശം തീർന്നിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിൽ മാത്രമാണ് ഇട്ടിവ, അലയമൺ പഞ്ചായത്തുകളിലേക്കുള്ള ടാങ്കുകളും പമ്പിംഗ് മെയിനുകളും വിതരണ ശൃംഖലകളും ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുള്ള പ്രോജക്ട് 1585 ലക്ഷം രൂപയാണ്. ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത നിയോജകമണ്ഡലത്തിൽപ്പെട്ട ഇട്ടിവ, അലയമൺ പഞ്ചായത്തുകൾക്കു ജലവിതരണം സുഗമമായി നടത്താൻ സാധിക്കുന്നതാണ്. |

ചടയമംഗലം നിയോജകമണ്ഡലത്തിലെ ഇളമാട് ഗ്രാമപഞ്ചായത്ത് മീനാട് ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടി പദ്ധതിയുടെ ഭാഗമായി ഇളമാട് പഞ്ചായത്തിൽ 13.4 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു റിസർവോയറും 60 കി.മീ · നീളത്തിൽ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനുകളുമാണ് സ്ഥാപിക്കേണ്ടത്.

റിസർവോയറിന്റെ നിർമ്മാണം പൂർത്തീകരിച്ച് ശുദ്ധജലം എത്തിച്ചു കഴിഞ്ഞു. എന്നാൽ 60 കി. മീ. വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുവാനുള്ള കോൺട്രാക്ടർ ഏകദേശം 36 കി.മീ പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം പണി നിർത്തിയിട്ടുള്ളതാണ്. ടാങ്കിൽ നിന്നും പുറത്തേയ്ക്കുള്ള മെയിൻ പൈപ്പ് ലൈൻ ഉൾപ്പെടെ 24 കി.മീ പൈപ്പ് ലൈനാണ് സ്ഥാപിക്കുവാനുള്ളത്. ഇതിനുവേണ്ടി പഴയ കരാർ റദ്ദാക്കി പുതിയ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുതിയ കരാർ ഉറപ്പിച്ച് 2012 ഡിസംബറോടുകൂടി ബാക്കി പൈപ്പ് ലൈയിൻ സ്ഥാപിച്ച് പഞ്ചായത്തിൽ ജലവിതരണം നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ